ISSUE: 133

KCA weekly E-news bulletin ● Dated 29-06-2026

KERALA CARTOON ACADEMY


# കാർട്ടൂൺ പത്രിക

കേരള കാർട്ടൂൺ അക്കാദമിയുടെ പ്രതിവാര വാർത്താ പത്രിക

## കേരള കാർട്ടൂൺ അക്കാദമിക്ക് പുതിയ വെബ്സൈറ്റ്



കേരള കാർട്ടൂൺ അക്കാദമിയുടെ പുതിയ വെബ്സൈറ്റ്, ഉന്നത വിദ്യാഭ്യാസ മന്ത്രി റോജി എം ജോൺ ഉദ്ഘാടനം ചെയ്തു. കേരള നിയമസഭയിൽ മന്ത്രിയുടെ ഓഫീസിൽ വച്ച് നടത്തിയ ചടങ്ങിൽ, അക്കാദമി അംഗവും തൃത്താല എംഎൽഎയും ആയ വി ടി ബൽറാം, കാർട്ടൂൺ അക്കാദമി ചെയർമാൻ സുധീർനാഥ്, സെക്രട്ടറി എ സതീഷ്, വൈസ് ചെയർമാൻ അനൂപ് രാധാകൃഷ്ണൻ, നിർവാഹക സമിതി അംഗം രതീഷ് രവി എന്നിവർ പങ്കെടുത്തു.




പുതിയ വെബ്സൈറ്റിന്റെ ലിങ്ക് ചുവടെ:

www.keralacartoonacademy.com

അക്കാദമിയുടെ ചരിത്രം, അംഗങ്ങളെ കുറിച്ചും, മൺമറഞ്ഞ കാർട്ടൂണിസ്റ്റുകളെക്കുറിച്ചുമുള്ള വിവരങ്ങൾ, അക്കാദമി സംഘടിപ്പിക്കുന്ന പരിപാടികൾ, മുൻ കാലങ്ങളിൽ നടത്തിയ പരിപാടികളുടെ വിവരണങ്ങളും ചിത്രങ്ങളും, പുതിയ അംഗത്വം എടുക്കുന്നതിനായി ഉള്ള അപേക്ഷ ലിങ്ക് തുടങ്ങി അക്കാദമിയുടെ എല്ലാവിധ പ്രവർത്തനങ്ങളും സംബന്ധിച്ച ഒരു സമഗ്രമായ പോർട്ടൽ ആണ് ഒരുക്കിയിട്ടുള്ളത്. ഏവരും ഈ വെബ് സൈറ്റ് സന്ദർശിച്ച് വിലപ്പെട്ട അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നൽകണമെന്നും അപേക്ഷിക്കുന്നു. ●

**KERALA CARTOON ACADEMY**

**Chairman**
Sudheer Nath N B

**V. Chairman**
Anoop Radakrishnan
KVM Unny

**Secretary**
A Satheesh

**Jt. Secretary**
Sajiv Sooranad

**Treasurer**
Sajjive Balakrishnan

**EC Members**
Balachandran K B
Hareesh Mohan
Haridas Balakrishnan
Madoos
Mohana Kumaran Nair
Rethish Ravi
Sunil Pankaj
Surendran Varachal
Suresh Harippad
Vinu S

**Patron**
Aravindakshan P
Divakaran N P
Gafoor K N
Hari G
John Kakkanad
Krishnan P V
Mohanachandran M S
Mohan Shivanand
Peter E P
Raghu K S
Seeri M K
Sivan Paravur
Somanath S Dr
Thomas Jacob
TVG Menon

**KCA Icon**
Anjan Sathish
Suresh Eriyat

# മാസ്റ്റർ ക്ലാസ്: കാർട്ടൂൺസ് സംരംഭത്തിന് തുടക്കം



**ജൂൺ** മാസം 25-ാം തീയതി വ്യാഴാഴ്ച തിരുവനന്തപുരം വൈ.എം.സി.എ ഹാളിൽ ഡിജിറ്റൽ രംഗവും വരകളും എന്ന മാസ്റ്റർ ക്ലാസ് നടന്നു. കേരള കാർട്ടൂൺ അക്കാദമിയും, ടൂൺസ് മീഡിയ ഗ്രൂപ്പും സംയുക്തമായി ആരംഭിച്ച കാർട്ടൂൺസ് സംരംഭം ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ബി. അശോക് ഐ.എ.എസ് ഉദ്ഘാടനം ചെയ്തു. കേരള കാർട്ടൂൺ അക്കാദമി ചെയർമാൻ സുധീർ നാഥ്, സെക്രട്ടറി എ സതീഷ്, ടൂൺസ് അനിമേഷനിൽ നിന്ന്, പി.കെ. വിജയകുമാർ, കാർത്തിക്ക്, വിനോദ് എന്നിവർ സംസാരിച്ചു. ആധുനിക സാങ്കേതിക വിദ്യകൾ ഉപയോഗിച്ച് അനിമേഷൻ രംഗത്തും കാർട്ടൂൺ രംഗത്തും ഡിസൈൻ രംഗത്തും പ്രവർത്തിക്കുന്നവർക്ക് ഏറെ ഉപകാരപ്രദമായിരുന്നു മാസ്റ്റർ ക്ലാസ്. എ.ഐ സാങ്കേതിക വിദ്യ ഉപയോഗിച്ച് വരകളെ എങ്ങിനെ മനോഹരമാക്കാമെന്നും, അനിമേഷൻ രംഗത്തെ നൂതന വിദ്യകളും, വി.എഫ്.എക്സും പരിചയപ്പെടുത്താൻ അതാത് രംഗത്തെ പ്രമുഖരാണ് എത്തിയത്. ടെക്നോപാർക്കിലെ ഫ്രണ്ട്സ് ഓഫ് ഫിഗ്മയുടെ ലീഡറും പ്രമുഖ യുഎക്സ് അനലിസ്റ്റുമായ അരുൺ ശശി, വെബ്, മൊബൈൽ ആപ്ലിക്കേഷനുകളിലെ കമ്മ്യൂണിക്കേഷൻ ഡിസൈനെക്കുറിച്ചും, കേന്ദ്രസർക്കാർ സംരംഭമായ ഐ.ഐ.സി.റ്റി. മുംബൈയിലെ അജയ് ശ്രീനിവാസൻ ഗെയിം ഡിസൈൻ, എ.ആർ/വി.ആർ. സാങ്കേതിക വിദ്യകളെക്കുറിച്ച് ഹൈദരാബാദിലെ വിമൻ ഇൻ അനിമേഷനുമായി ബന്ധപ്പെട്ട പ്രമുഖ നേതാവായ മേഘന തിരുമൽസെട്ടി അനിമേഷനിലെ വി.എഫ്.എക്സ് സാധ്യതകളെക്കുറിച്ചും ക്ലാസുകൾ നയിച്ചു. സമ്മേളനത്തെ അഭിസംബോധന ചെയ്ത കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ബി. അശോക് ഐ.എ.എസ്., ഓറഞ്ച് ഇക്കോണമിയുടെ അതിവേഗ വളർച്ചയെക്കുറിച്ച് വിശദീകരിച്ചു. സൃഷ്ടിപരമായ വ്യവസായങ്ങൾ ഇന്ന്












സ്ഥിരതയുള്ളതും വാഗ്ദാനപൂർണ്ണവുമായ തൊഴിൽ മേഖലയായി മാറിയിരിക്കുകയാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. കൃത്രിമ ബുദ്ധി (എ.ഐ) സൃഷ്ടിപരതയെ സഹായിക്കാമെങ്കിലും മനുഷ്യന്റെ ഭാവനയെയും കലാപരമായ ചിന്തയെയും പകരം വയ്ക്കാൻ കഴിയില്ലെന്നും, ഈ മേഖലയിലെ വൻ സാധ്യതകളെ സർക്കാർ പിന്തുണയ്ക്കുന്നുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. സെമിനാറിലെ പ്രധാന ആകർഷണമായി, അമേരിക്കൻ സ്ഥാപനമായ പ്രാക്സിസ്, ബെംഗളൂരുവിലെ റിസായ അക്കാദമിയുമായി സഹകരിച്ച് വികസിപ്പിച്ച മനുഷ്യ കേന്ദ്രിത ഡിജിറ്റൽ ട്വിൻ സാങ്കേതികവിദ്യ ഇന്ത്യയിൽ ആദ്യമായി തിരുവനന്തപുരത്ത് അവതരിപ്പിച്ചു. സൃഷ്ടിപരമായ വിദ്യാഭ്യാസ മേഖലക്കായി രൂപകൽപ്പന ചെയ്ത ഈ ഡിജി റ്റൽ ട്വിൻ സാങ്കേതികവിദ്യ, അധ്യാപകരെ പിന്തുണയ്ക്കുന്നതിനും 'എ.ഐ. ഫോർ ഗുഡ് ' എന്ന ആശയം പ്രോത്സാഹിപ്പിക്കുന്നതിനുമായി രൂപപ്പെടുത്തിയതാണ്. ആഗോള നിലവാര മാനദണ്ഡങ്ങളുമായി താരതമ്യം ചെയ്ത് മനുഷ്യർ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങളെ വിലയി രുത്താനും, സൃഷ്ടിപരമായ പ്രവർത്തനങ്ങൾക്ക് സഹായകമാകാനും ഈ സാങ്കേതിക വിദ്യയ്ക്ക് കഴിയും. അനിമേഷൻ, ഗെയിം ഡെവലപ്മെന്റ്, എ.ആർ/വി.ആർ തുടങ്ങിയ മേഖലകളിലെ പ്രൊഫഷണലുകൾക്കായി പുതിയ മാനദണ്ഡങ്ങൾ സൃഷ്ടിക്കാൻ ഈ നവീന ആശയത്തിന് സാധിക്കുമെന്നാണ് പ്രതീക്ഷ. കൂടാതെ, വിദ്യാർത്ഥികൾക്ക് 24 മണിക്കൂറും ഡിജിറ്റൽ രൂപത്തിലുള്ള അധ്യാപക സഹായം ലഭ്യമാക്കുന്നതിലൂടെ പഠനാനുഭവം കൂടുതൽ സൗകര്യപ്രദവും ഫലപ്രദവുമാക്കാനും ഇത് സഹായിക്കും. സംസ്ഥാനത്തെ വിവിധ സ്കൂളു കളിലും കോളേജുകളിലുമുള്ള 144 ഡെലിഗേറ്റുകൾ സെമിനാറിൽ പങ്കെടുത്തു. പന്ത്രണ്ട് അക്കാദമി അംഗങ്ങളും പങ്കെടുത്തു. ഓറഞ്ച് ഇക്കോണമിയിലുള്ള ദേശീയഅന്തർദേശീയ







അവസരങ്ങളെക്കുറിച്ച് അവർക്ക് വിശദമായ അവബോധം നൽകുകയും ചെയ്തു. തുടർന്ന് നടന്ന കരിയർ ഗൈഡൻസ് സെഷനിൽ, ടൂൺസ് മീഡിയ ഗ്രൂപ്പും റിസായ അക്കാദമിയും ചേർന്ന് ദയാനന്ദ സാഗർ സർവകലാശാല (ബെംഗളൂരു), സന്ദീപ് സർവകലാശാല (നാസിക്), നോർത്തേൺ അരിസോണ സർവകലാശാല (അമേരിക്ക), സ്റ്റുഡിയോ സ്ട്രീറ്റ് (ബെംഗളൂരു) എന്നിവ ഉൾപ്പെടെയുള്ള പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി തന്ത്രപ്രധാന പങ്കാളിത്ത ങ്ങൾ പ്രഖ്യാപിച്ചു. ഡെലിഗേറ്റിനുള്ള സർട്ടിഫിക്കറ്റുകൾ പ്രശസ്ത ചലചിത്ര താരം രവീന്ദ്രൻ, മുതിർന്ന മാധ്യമ പ്രവർത്തകൻ വെങ്കിടേഷ് രാമകൃഷ്ണൻ, എ സതീഷ് എന്നിവർ വിതരണം ചെയ്തു. ●

# കാർട്ടൂൺ പാഠങ്ങൾ ഇനി കാമ്പസിൽ



*കേരള കാർട്ടൂൺ അക്കാദമി ചെയർമാൻ സുധീർ നാഥും രാജഗിരി കോളേജ് ഓഫ് മാനേജ്മെന്റ് ആന്റ് അപ്ലയ്ഡ് സയൻസ് പ്രിൻസിപ്പൽ ഡോ: ലാലി മാത്യുവും കേരളത്തിലെ ക്യാമ്പസുകളിൽ കാർട്ടൂൺ പഠന പദ്ധതിക്ക് തുടക്കം കുറിച്ച് ധാരാണാ പത്രം ഒപ്പിട്ടു. ചിത്രത്തിൽ രതീഷ് രവി , അനൂപ് രാധാകൃഷ്ണൻ, ടി. എ. സുബൈർ, ഗീതു ജോണി, ഡോ : നേഹ ആനി വർഗ്ഗീസ്, അമല മണവാളൻ, ഡോ: അഞ്ചു മറിയ സെബാസ്റ്റ്യൻ.*

**കേരളത്തിലെ** കാമ്പസിൽ ഇനി കാർട്ടൂൺ പാഠങ്ങളും പഠിക്കാം. കേരള കാർട്ടൂൺ അക്കാദമിയും കൊച്ചിയിലെ രാജഗിരി കോളേജ് ഓഫ് മാനേജ്മെന്റ് ആൻഡ് സയൻസസും ചേർന്ന് പദ്ധതി നടപ്പാക്കുന്നതിന് തുടക്കം കുറിച്ചു. കാർട്ടൂൺ കലയ്ക്ക് പേരുകേട്ട നാടാ ണെങ്കിലും കോളേജുകളിൽ ഇത്തരം ഒരു ഉദ്യമം ഇതാദ്യമായിട്ടാണ്. കേരള കാർട്ടൂൺ

അക്കാദമി ചെയർമാൻ സുധീർ നാഥും രാജഗിരി കോളേജ് ഓഫ് മാനേജ്മെന്റ് ആന്റ് അപ്ലയ്ഡ് സയൻസ് പ്രിൻസിപ്പൽ ഡോ: ലാലി മാത്യുവും ഇതു സംബന്ധിച്ച ധാരണാപത്രത്തിൽ ഒപ്പിട്ടു. കേരള കാർട്ടൂൺ അക്കാദമി വൈസ് ചെയർമാനും അക്കാദമിക്ക് കൺവീനറുമായ അനൂപ് രാധാകൃഷ്ണനനും, രതീഷ് രവി, രാജഗിരി കോളേജ് ഇംഗ്ലീഷ് വിഭാഗം പ്രതിനിധികളായ ഗീതു ജോണി, ഡോ: നേഹ ആനി വർഗ്ഗീസ്, ഡോ: അഞ്ചു മറിയ സെബാസ്റ്റ്യൻ, അമല മണവാളൻ, ടി. എ. സുബൈർ എന്നിവരും ചടങ്ങിൽ പങ്കെടുത്തു. ഇതു പ്രകാരം കാർട്ടൂൺ കോമിക്ക് സ്ക്രിപ്റ്റ്, കാർട്ടൂൺ, അനിമേഷൻ എന്നീ വിഷയങ്ങളിൽ പ്രമുഖ കാർട്ടൂണിസ്റ്റുകളുടെ ക്ലാസുകൾ നടക്കും. ●

## നിരത്തിൽ ചോര വീഴാതിരിക്കാൻ കാർട്ടൂൺ ബോധവൽക്കരണം, കുട്ടികൾക്കായി മത്സരം

**റോഡപകടങ്ങൾ** ഇല്ലാത്ത അധ്യയന വർഷത്തിനായി വരയിലൂടെ  ബോധവൽക്കരണം സംഘടിപ്പിക്കാൻ കേരള കാർട്ടൂൺ അക്കാദമി. എല്ലാ അധ്യായന വർഷങ്ങളിലും നിരവധി അപകടങ്ങളിൽ  ജീവനുകൾ പൊലിയുന്നുണ്ട്. ഇതിനെതിരെ പ്രതിരോധം തീർക്കാനാണ് കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് മത്സരം നടത്തുന്നത്.

കേരള കാർട്ടൂൺ അക്കാദമി ആൾ ഇന്ത്യ മലയാളി അസോസിയേഷനുമായി (എയ്മ) ചേർന്നാണ് സ്കൂൾ, കോളേജ് തലത്തിലുള്ളവർക്കും യുവ കാർട്ടൂണിസ്റ്റുകൾക്കുമായി ട്രാഫിക്ക് ബോധവത്ക്കരണ കാർട്ടൂൺ മത്സരം നടത്തുന്നത്. അപകടമില്ലാത്ത പുതിയ അദ്ധ്യായന വർഷം ലക്ഷ്യമിട്ടാണ് മത്സരത്തിന് വിഷയം നൽകിയത്. 2026 ജൂൺ 30 വരെ രചനകൾ അയക്കാം. ഇരു വിഭാഗങ്ങളിലും ഒന്നാം സ്ഥാനം നേടുന്നവർക്ക് 10,000 രൂപയും പ്രശസ്തി പത്രവും, സമ്മാന പുസ്തകവും, രണ്ടാം സ്ഥാനം നേടുന്നവർക്ക് 7,500 രൂപയും പ്രശസ്തി പത്രവും, സമ്മാന പുസ്തകവും, മൂന്നാം സ്ഥാനം നേടുന്നവർക്ക് 5,000 രൂപയും പ്രശസ്തി പത്രവും, സമ്മാന പുസ്തകവും, പത്ത് പേർക്ക് പ്രോത്സാഹന സമ്മാനമായി പ്രശസ്തി പത്രവും, സമ്മാന പുസ്തകവും നൽകും.2026 ജൂലൈ 5ന് മത്സര ഫലം പ്രഖ്യാപിക്കും.

**ഒരാൾക്ക് മൂന്ന് രചനകൾ വരെ അയക്കാം.**

ഇമെയിൽ വഴിയാണ്  അയക്കേണ്ടത്. 17 വയസ് വരെയുള്ളവരെ ജൂനിയർ വിഭാഗത്തിലും, 18 വയസ് മുതൽ 25 വയസ് വരെ ഉള്ളവരെ സീനിയർ വിഭാഗത്തിലും ഉൾപ്പെടുത്തും. രചനകൾ അയക്കുന്ന ഇമെയിലിനൊപ്പം രചയിതാവിന്റെ പേര്, വയസ്, വിലാസം, ബന്ധപ്പെടാനുള്ള ഫോൺ നമ്പർ, വയസ് തെളിയിക്കുന്ന രേഖ എന്നിവ ചേർത്തിരിക്കണം. ●

രചനകൾ അയക്കേണ്ട വിലാസം: cartooncontest2026@gmail.com

മധൂസ്, കോഡിനേറ്റർ, കാർട്ടൂൺ മത്സരം 2026, 9446587968



## ഹോനോഹോനുമൊത്ത് ഫൺ റൺ


**2026** ഏഷ്യൻ ഗെയിംസിന്റെ ഭാഗ്യചിഹ്നമായ ഹോനോഹോനുമൊത്ത് ഫൺ റൺ തിരുവനന്തപുരത്ത് ജൂൺ 23ന് വൈകിട്ട് നടന്നു. ജപ്പാനിലെ ഐച്ചിനഗോയിൽ നടക്കുന്ന 20-ാം ഏഷ്യൻ ഗെയിംസിന്റെ ഔദ്യോഗിക മാസ്കോട്ടാണ് ഹോനോഹോൻ. യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നിന്ന് സെൻട്രൽ സ്റ്റേഡിയത്തിലേയ്ക്കാണ് ഫൺ റൺ. കേരള കാർട്ടൂൺ അക്കാദമിയെ പ്രതിനിധീകരിച്ച് ചെയർമാൻ സുധീർ നാഥ് പങ്കെടുത്തു. ●

# ടി.വി.ജി മേനോന്റെ സഹോദരൻ അന്തരിച്ചു



**കേരള** കാർട്ടൂൺ അക്കാദമി വിശിഷ്ടാംഗം ടി.വി.ജി മേനോന്റെ സഹോദരൻ ടി. ശശീധര മേനോൻ (86 ) അന്തരിച്ചു. കേരള കാർട്ടൂൺ അക്കാദമി ഓഫീസ് പ്രവർത്തിക്കുന്ന അമര കേരള ബിൽഡിംഗ്സിന്റെ ഉടമ അഡ്വക്കേറ്റ് ഹരീഷിന്റെ ഭാര്യാപിതാവാണ് പരേതൻ. കേരള കാർട്ടൂൺ അക്കാദമിയുടെ ആദരാഞ്ജലികൾ. ●

## പുസ്തക പരിചയം




# ചിത്രരേഖ

ജയിംസ്

**കാർട്ടൂണിസ്റ്റ്** ജയിംസിന്റെ കാർട്ടൂൺ സമാഹാരമാണ് ചിത്രരേഖ. അദ്ദേഹം വരയ്ക്കുമ്പോൾ ശത്രു എന്നും എഴുതാറുണ്ട്. ശത്രു എന്നത് ജയിംസിന്റെ തൂലികാ നാമമാണ്. കാർട്ടൂണിസ്റ്റ് ജയിംസിന്റെ അഞ്ചാമത്തെ കാർട്ടൂൺ സമാഹാരമാണ് പുതിയ പുസ്തകമായ ഹാസ്യ രേഖ. ഹാസ്യമേള, കാർട്ടൂൺ കോർട്ട്, ചിത്രഹാസ്യം, രൂപഹാസ്യം എന്നീ കാർട്ടൂൺ സമാഹാരങ്ങൾ മുൻപ് അദ്ദേഹത്തിന്റേതായി പ്രസിദ്ധീകരിക്കുകയുണ്ടായിട്ടുണ്ട്. ചരിത്ര രചനയുടെ എഫ്.ഐ.ആറാണല്ലോ കാർട്ടൂണുകൾ. ജയിംസിന്റെ രാഷ്ട്രീയ കാർട്ടൂണുകൾ അതുകൊണ്ട് തന്നെ ചരിത്രത്തിന്റെ എഫ്.ഐ.ആറാണ്. അതിന്റെ ഒരു ഭാഗമാണ് ഈ പുസ്തകം.

വരയ്ക്കപ്പെടുന്ന കാർട്ടൂണുകളിലെ കഥാപാത്രങ്ങളുടെ രൂപസാദൃശ്യം കൊണ്ട് തന്നെ തിരിച്ചറിയാൻ പറ്റുന്ന ശൈലിയിലുള്ള അദ്ദേഹത്തിന്റെ വരകൾ ഒപ്പിന്റെ സഹായമില്ലാതെ തിരിച്ചറിയുവാൻ സാധിച്ചിരുന്നു എന്നുള്ളത് എടുത്തു പറയേണ്ട കാര്യമാണ്. ആദ്യകാലങ്ങളിൽ കാർട്ടൂണിസ്റ്റ് മന്ത്രിയുടെ ശൈലിയെ അനുകരിച്ചായിരുന്നു അദ്ദേഹം വരച്ചിരുന്നത് എന്നുള്ള ഒരു വിമർശനം പല കോണുകളിൽ നിന്നും ഉണ്ടായിട്ടുണ്ട് എന്നുള്ളത് വിസ്മരിക്കുന്നില്ല. അത് ഒരു പരിധിവരെ ശരിയുമാണ്. എന്നാൽ പിൽക്കാലത്ത് ജയിംസ് എന്ന വ്യക്തി സ്വന്തം ശൈലി വികസിപ്പിച്ചെടുത്തു എന്നുള്ളത് നമുക്ക് അംഗീകരിക്കേണ്ടതുണ്ട്. ജയിംസിന്റെ കാർട്ടൂണുകൾ ആരുടെ അനുകരണവും ഇല്ലാതെ വേറിട്ട് നിൽക്കുന്നിടത്താണ് അദ്ദേഹത്തെ ആരാധിച്ചു പോകുന്നത്. എല്ലാ കാർട്ടൂണിസ്റ്റുകളും തുടക്കകാലത്ത് മുതിർന്ന കാർട്ടൂണിസ്റ്റുകളെ അനുകരിക്കുക സ്വാഭാവികമാണല്ലോ. ഡേവിഡ് ലോയുടെ ശൈലിയെ അനുകരിച്ച കാർട്ടൂണിസ്റ്റുകൾ ആയിരുന്നല്ലോ കാർട്ടൂൺ കലയുടെ പിതാവെന്ന് വിശേഷണമുള്ള ശങ്കറും, ഇന്ത്യൻ കാർട്ടൂൺ രംഗത്ത് ഏറെ പ്രശസ്തനായ ആർ. കെ. ലക്ഷ്മണനുമൊക്കെ. അവരൊക്കെ പിൽക്കാലത്ത് സ്വന്തം ശൈലി രൂപീകരിച്ചെടുക്കുകയായിരുന്നു. ഡേവിഡ് ലോയുടെ ശൈലിയിൽ ആണല്ലോ അവർ വരയ്ക്കുന്നത് എന്ന് പല നിരീക്ഷകരും അഭിപ്രായപ്പെട്ടിട്ടുള്ളത് ഇവിടെ ഓർത്തു പോകുകയാണ്. ●

Members please try to send news to this latest bulletin by 1pm every Sunday. We may not be able to carry late news, unless it carries urgency.
Edited by KCA Chairman Sudheer Nath. Layout by Sunil Pankaj.